പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2721 — 18.06.2018-ൽ മറുപടിക്ക്

## പാവങ്ങാട് റെയിൽവേ മേൽപ്പാലനിർമാണം

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) 20.03.2013 - ലെ ജി.ഒ (ആർ.റ്റി) നമ്പർ. 394/2013/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ പാവങ്ങാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകുകയുണ്ടായി. മേൽപ്പാലത്തിന്റെ റെയിൽവേ ട്രാക്കിനു മുകളിലുള്ള സ്പാൻ നിർമ്മിക്കുന്നതിനു 2013 ജൂണിൽ 3.66 കോടി രൂപ റെയിൽവേയിൽ ഡെപ്പോസിറ്റ് ചെയ്തു. 09.10.2013-ലെ ജി.ഒ (ആർ.റ്റി) നമ്പർ. 1326/2013/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ - യെ ഏൽപ്പിച്ചിട്ടുണ്ട്. തുടർന്ന് ആർ.ബി.ഡി-സി.കെ 2108.89 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖ സമർപ്പിച്ചു. 09.12.2015 - തീയതിയിലെ ജി.ഒ (ആർ.റ്റി) നമ്പർ. 1828/2015/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 252.804 ലക്ഷം രൂപയും റെയിൽവേ ട്രാക്കിനു മുകളിലുള്ള സ്പാനിന്റെ പൂർത്തീകരണത്തിന് റെയിൽവേയ്ക്ക് നൽകേണ്ട ബാക്കി തുകയായ 202 ലക്ഷം രൂപയും അനുവദിച്ചു. |

| | | |
|---|---|---|
| | | തുടർന്ന് ആർ.ബി.ഡി.സി.കെ കോഴിക്കോട് താലൂക്കിൽ ഏലത്തൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 11.18 ആർ സ്ഥലവും പുതിയങ്ങാടി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 8.60 ആർ സ്ഥലവും ഏറ്റെടുക്കുന്നതിന് അർത്ഥനാ-പത്രം 23.02.2016-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകി. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചിലത് നിലമായതിനാൽ അവ പരിവർത്തനം ചെയ്യുന്നതിനു അനുമതി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറിൽ നിന്നും ലഭ്യമാക്കി 22.11.2017 - ൽ കളക്ടർക്ക് നൽകി. 17.01.2018 - ൽ DLFC മീറ്റിംഗ് കൂടിയെങ്കിലും സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ല. തുടർന്ന് 21.05.2018 - ൽ കൂടിയ DLFC മീറ്റിംഗിൽ ഭൂവിലയെ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ട്. ഈ വിലയ്ക്ക് SLEC യുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ മാത്രമേ ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി). | ഈ മേൽപ്പാലം നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്ന-തെന്ന് വിശദമാക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കു-ന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ